**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.457. 07.01.2014 ൽ മറുപടിയ്ക്ക്.

ഗതാഗത വകുപ്പിന്റെ വരുമാനം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) റോഡ് ടാക്സ്, ലൈസൻസ് ഫീ, വാഹന പരിശോധനയിലൂടെ ലഭിക്കുന്ന ഫൈൻ എന്നീ ഇനങ്ങളിലായി ഗതാഗത വകുപ്പിന് ഒരു വർഷം എന്ത് തുക വരുമാനമായി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | റോഡ് ടാക്സ്, ലൈസൻസ് ഫീ, വാഹന പരിശോധനയിലൂടെ ലഭിക്കുന്ന ഫൈൻ, മറ്റിനങ്ങൾ എന്നിവയിലൂടെ ഗതാഗത വകുപ്പിന് കഴിഞ്ഞ വർഷം 1,828 കോടി രൂപ വരുമാനമായി ലഭിച്ചു. |
| (ബി) ഡ്രൈവിംഗ് ലൈസൻസ് ഫീ ഇനത്തിൽ എത്ര രൂപയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഡ്രൈവിങ്ങ് ലൈസൻസിന് ഒരു ഇനത്തിന് 330 രൂപയും പുതുക്കുന്നതിന് 250 രൂപ ഫീസും, 50 രൂപ സർവ്വീസ് ചർജ്ജും ഉൾപ്പെടെ 300 രൂപ ഫീസിനത്തിൽ ഒടുക്കണം. ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് എടുക്കുന്നതിന് 500 രൂപ ഫീസ്, 50 രൂപ സർവ്വീസ് ചർജ്ജ് എന്നിവ ഉൾപ്പെടെ 550 രൂപ ഫീസിനത്തിൽ ഒടുക്കണം. |
| (സി) വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ ഓരോ വാഹനത്തിനും എത്ര രൂപയാണ് ഈടാക്കുന്ന തെന്നും എത്ര വർഷത്തെ ഫീ മുൻകൂറായി ഈടാക്കുന്നുവെന്നും വ്യക്തമാക്കുമോ ; | (സി) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഫീസും സർവ്വീസ് ചർജ്ജും ഉൾപ്പെടെ ഇൻവാലിഡ് കാര്യേജിന് 20 രൂപയും, മോട്ടോർ സൈക്കിളിന് 110 രൂപയും, ഇറക്കുമതി ചെയ്ത ഇരുചക്ര വാഹനത്തിന് 250 രൂപയും, ലൈറ്റ് മോട്ടോർ വാഹനത്തിന് 300 രൂപയും, മീഡിയം ഗുഡ്സ് വാഹനത്തിനും, മീഡിയം പാസ്സഞ്ചർ വാഹനത്തിനും 550 രൂപയും ഹെവി ഗുഡ്സ് വാഹനത്തിനും ഹെവി പാസഞ്ചർ വാഹനത്തിനും 800 രൂപയും, ഇറക്കുമതി ചെയ്ത ലൈറ്റ് മോട്ടോർ വാഹനത്തിന് 950 രൂപയും, മറ്റുള്ള ലൈറ്റ് മോട്ടോർ വാഹനത്തിന് 450 രൂപയും, മറ്റുള്ള മീഡിയം മോട്ടോർ വാഹനത്തിന് 500 രൂപയും ഹെവി മോട്ടോർ വാഹനത്തിന് 600 രൂപയും ഫീസിനത്തിൽ ഒടുക്കണം. വാഹനത്തിന് ഫീസ് മുൻകൂറായി ഈടാക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | ഗതാഗത വകുപ്പ് നൽകി-ക്കൊണ്ടിരിക്കുന്ന ഏതെങ്കിലും സേവനം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | ഇല്ല. |
| (ഇ) | ടാക്സ്, ഫീ, ഫൈൻ എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകയിൽ നിന്ന് റോഡ് സുരക്ഷയ്ക്കുവേണ്ടി എത്ര രൂപ ചെലവഴിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ടാക്സ്, ഫീ, ഫൈൻ എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകയിൽനിന്നും റോഡ് സുരക്ഷയ്ക്കുവേണ്ടി ഒന്നും തന്നെ ചെലവഴിക്കുന്നില്ല. ഫീൽഡിൽ കോമ്പൗണ്ട് ചെയ്യുന്ന തുകയുടെ പകുതിയും ഒറ്റത്തവണ റോഡ് സെസ്സുമാണ് റോഡ് സുരക്ഷാ ഫണ്ട്. അതു റോഡു സുരക്ഷാ അതോറിറ്റിയാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ.